**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2782** **12-07-2022 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിൽ വിദ്യാവനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാവനം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | വിദ്യാലയങ്ങളിൽ വളരെ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങളുടെ സാദൃശ്യതയോടെ, അതിസാന്ദ്രതയിൽ നട്ടു വളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ് വിദ്യാവനങ്ങൾ. ചുരുങ്ങിയ ചെലവിൽ വിഭവങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളിൽ ജൈവവൈവിധ്യസംരക്ഷണബോധം വളർത്തിയെടുക്കുന്നതിനും വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള പ്രായോഗിക പരിശീലനം നൽകുന്നതിനും ഉദ്ദേശിച്ചാണ് വിദ്യാവനങ്ങൾ നിർമ്മിക്കുന്നത്. ഒരു വിദ്യാവനത്തിന് ഏറ്റവും കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും ആവശ്യമായി വരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി വനം വകുപ്പ് പരമാവധി 2 ലക്ഷം രൂപ നൽകുന്നു. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലേയും കോളേജുകളിലേയും ഫോറസ്ട്രി ക്ലബ്ബുകളിലൂടെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പരിപാടിയുടെ ആസൂത്രണവും നടത്തിപ്പും തുടർപരിപാലനവും വിലയിരുത്തലും നിർവ്വഹിക്കുന്നത്. |
| (ബി) | കൊല്ലം ജില്ലയിലെ ഏതെല്ലാം സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | കൊല്ലം ജില്ലയിലെ താഴെപ്പറയുന്ന സ്കൂളുകളിൽ വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br><br>ഗവൺമെന്റ് ഹൈസ്കൂൾ, ശങ്കരമംഗലം, ചവറ.<br><br>ബോയിസ് ആന്റ് ഗേൾസ് എച്ച്.എസ്.എസ്, തേവലക്കര<br><br>വി.എച്ച്.എസ്.എസ്, വാളത്തുംഗൽ<br><br>ഹരിജൻ എൽ.പി.എസ്, കിളിക്കൊല്ലൂർ<br><br>ജി.എച്ച്.എസ്.എസ്, കുളത്തുപ്പുഴ<br><br>ജി.എച്ച്.എസ്.എസ്, പോരുവഴി |

| | | | |
|---|---|---|---|
| | | | ദേവീവിലാസം എൻ.എസ്.എസ്.എച്ച്.എസ്.എസ്, പൂവറ്റൂർ<br><br>സെന്റ് സ്റ്റീഫൻസ് എച്ച്.എസ്, പത്തനാപുരം<br><br>എ.എം.എം.എച്ച്എസ്, കരവാളൂർ |

സെക്ഷൻ ഓഫീസർ